# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4023** **19.03.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം തിരിച്ചറിയുന്നതിന് സ്ലിപ്പുകൾ</u>**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വിൽപ്പനയ്ക്കുള്ള മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം തിരിച്ചറിയുന്നതിന് സ്ലിപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | എ) ഉപഭോക്താക്കൾക്ക് ഗുണമേൻമയുള്ള മത്സ്യ ലഭ്യത ഉറപ്പു വരുത്താൻ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തയ്യാറാക്കിയ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ സർക്കാർ ഏജൻസികൾ / സ്ഥാപനങ്ങളിലെ പരിശോധനയ്ക്ക് ആവശ്യമായ ടെസ്റ്റിംഗ് കിറ്റ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ ലഭ്യമാണ്. |
| ബി) സ്ലിപ്പുകൾ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാകുംവിധം റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ എന്നിവ വഴിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ കൈമാറ്റം ചെയ്തു വ്യവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപാദനം സാധ്യമാക്കാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ശ്രമം തുടങ്ങി കഴിഞ്ഞു. ഈ പ്രക്രിയ പൂർത്തിയായ ശേഷം വിപുലമായ വിതരണം സാധ്യമാക്കാൻ നടപടിയെടുക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**